എറണാകുളം കെ. എ. പി. കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

9 [5830] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ജൂലായ് 15-ന് നിലവിൽ വന്ന എറണാകുളം കെ. എ. പി.-1 പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി;

(ബി) കമ്മ്യൂണിറ്റി റൊട്ടേഷൻ അനുസരിച്ച് എത്രാം റാങ്കുകാർക്കുവരെ നിയമനം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(സി) എറണാകുളം കെ. എ. പി.-1-ൽ എത്ര തസ്തികകളാണ് ആകെയുള്ളത്;

(ഡി) അതിൽ എത്ര തസ്തികകളിലേക്കാണ് നിയമന ഉത്തരവ് നൽകിയിട്ടുള്ളത്;

(ഇ) നിലവിൽ ഒഴിവുള്ള തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 128 പേർക്ക്.

(ബി) വിവരം പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(സി) പോലീസ് കോൺസ്റ്റബിളിന്റെ 650 തസ്തികകൾ.

(ഡി) 128 പേർക്ക്.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

10 [5831] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റിന്റെ ഒഴിവുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുള്ള സ്ഥലങ്ങളിൽ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ജില്ലാ പഞ്ചായത്താഫീസിൽ വരെ താൽക്കാലിക നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവരെ ഒഴിവാക്കി പി. എസ്. സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly